

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പിണറായി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/1855/2025 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 09/12/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിണറായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിണറായി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിണറായി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/1855/2025 തീയ്യതി: 09/12/2025

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-10-2024 മുതൽ 05-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സുരേശൻ പി.വി.	ഡെപ്യൂട്ടി ഡയരക്ടർ	06-11-2025	15-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-11-2025	15-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വിനീത് കുമാർ കെ.പി., ഓഡിറ്റ് ഓഫീസർ
ശ്രീമതി രമ്യ ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ വരുൺദാസ് വി.പി., ഓഡിറ്റർ
ശ്രീ സജാദ് എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ രാജീവൻ കെ.കെ.	പ്രസിഡന്റ്	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ജെസിൻ ടി.കെ.	സെക്രട്ടറി	01-04-2024	07-09-2024
ശ്രീ രാജീവൻ സി.	സെക്രട്ടറി-ഇൻ-ചാർജ്ജ്	08-09-2024	31-01-2025
ശ്രീമതി ദീപ എം.ഡി.	സെക്രട്ടറി	01-02-2025	31-03-2025
ശ്രീ രാജീവൻ സി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീ പ്രമോദ് നള്ളക്കണ്ടി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ അജീഷ് വി.വി.	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ.ഷൈന വി.പി.	മെഡിക്കൽ ഓഫീസർ(CHC)	01-04-2024	31-03-2025
ഡോ.രമ്യ ആർ നായർ	വെറ്റിനറി സർജ്ജൻ	01-04-2024	31-03-2025
ശ്രീമതി രജനി എം.വി.	ICDS സൂപ്പർവൈസർ	01-04-2024	08-08-2024
ശ്രീമതി സൂര്യ ഇ.	ICDS സൂപ്പർവൈസർ	09-08-2024	31-03-2025
ശ്രീ ദിജേഷ് കെ.	ഡയറിഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി സരിത	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	24-04-2024
ശ്രീമതി അർഷ ബി.	ഫിഷറീസ് ഓഫീസർ	25-04-2024	31-12-2024
ശ്രീ റിജുൽരാജ്	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-01-2025	31-03-2025
ശ്രീമതി ജീവ എം.പി.	ഹെഡ്മാസ്റ്റർ	01-04-2024	19-06-2024
ശ്രീ സുരേന്ദ്രൻ	ഹെഡ്മാസ്റ്റർ	20-06-2024	31-03-2025
ശ്രീമതി സുമിത വി	വി.ഇ.ഒ.(എരുവട്ടി)	01-04-2024	14-10-2024
ശ്രീമതി ലത എം.വി	വി.ഇ.ഒ.(എരുവട്ടി)	15-10-2024	31-03-2025
ശ്രീ സിന്ദുപ് സി.വി	വി.ഇ.ഒ (പിണറായി)	01-04-2024	03-01-2025
ശ്രീമതി ലത എം.വി	വി.ഇ.ഒ (പിണറായി) അഡീഷണൽ ചാർജ്ജ്	04-01-2025	31-03-2025
ഡോ. സൈബിന കെ	മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം)	01-04-2024	31-12-2024
ഡോ. അരുൺ	മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം)	01-01-2025	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	തിരിച്ചു നൽകാൻ ബാക്കിയുള്ള ഡെപ്പോസിറ്റ് തുക - ശരിയായ തുകയല്ല വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളത്.	1-1-3
5	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല .	1-1-4
6	ബി-4, ബി-17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല.	1-1-5
7	എല്ലാ അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-6
8	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി-തൊഴിലാളികളുടെ വേതനമിനത്തിലെ ചെലവ് AFS-ൽ കാണിച്ചിട്ടില്ല.	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം	1-3
11	ഫണ്ട് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
14	ക്ഷേമ പദ്ധതികൾ	1-7
15	കേഷ് പരിശോധന	1-8
16	ആഭ്യന്തര നിയന്ത്രണം	1-9
17	ഗ്രാമസഭ	1-10
18	വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല	1-11
19	കാരണം രേഖപ്പെടുത്താതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി	1-12
20	പുതുക്കിയ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-13
21	ഡിമാൻഡ് ചെയ്ത മുഴുവൻ സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-14
22	സബ് സെന്ററുകളുടെ - ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ - വാങ്ങൽ നടപടികൾ സ്വീകരിച്ചില്ല - 120900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-15
23	ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നത് - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല - 39378 രൂപ തടസ്സപ്പെടുത്തുന്നു	1-16
24	സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി - മുഴുവൻ മരുന്നും, ഉപകരണങ്ങളും ലഭ്യമായിട്ടില്ല - 1,94,197 രൂപ തടസ്സപ്പെടുത്തുന്നു	1-17
25	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - വാങ്ങൽ നടപടികൾ സ്വീകരിച്ചില്ല - 319611 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-18
26	അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ - ചികിത്സ ലഭ്യമാക്കൽ അലോപ്പതി - രേഖകൾ ലഭ്യമാക്കിയില്ല - 24059 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-19
27	ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ-രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹29900 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-20
28	ഇല വാഴ കൃഷി പ്രോത്സാഹനം-സ്റ്റോക്കിലെടുക്കാതെ വിതരണം നടത്തി	1-21
29	കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസിന് വിഹിതം നൽകൽ വിനിയോഗവിവരം ലഭ്യമല്ല.₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-22
30	ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ - ഒരേ വൗച്ചറുകൾക്ക് രണ്ട് തവണ നൽകിയ ₹60900 നിരാകരിക്കുന്നു.	1-23
31	ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല	1-24

32	അതിദരിദ്രർക്ക് ഭക്ഷ്യക്കിറ്റ് - വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല - ഭക്ഷ്യ ധാന്യങ്ങളുടെ വിലയായ 7959 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-25
33	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - ഗുണഭോക്താവിനെ തെരഞ്ഞെടുത്തതിൽ വ്യക്തതക്കുറവ് - 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-26
34	എ.ബി.സി പദ്ധതിക്ക് വിഹിതം നൽകൽ വിനിയോഗ വിവരം ലഭ്യമല്ല ₹150000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-27
35	വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് - വിനിയോഗ വിവരം ലഭ്യമല്ല - ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-28
36	ജൽജീവൻ മിഷൻ പദ്ധതി	1-29
37	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും	1-30
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ - ഒരേ വൗച്ചറുകൾക്ക് രണ്ട് തവണ നൽകിയ ₹60900 നിരാകരിക്കുന്നു.	3-1
ഭാഗം **4**		
1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-5
6	വായ്പ/വായ്പാതിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്	
4	ഇൻകം & എക്സ്പെന്റിച്ചർ	
5	ബാലൻസ് ഷീറ്റ്	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളാ പഞ്ചായത്ത്രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ –2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പിണറായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27-05-2025 തീയതിയിലെ 3/175/2025 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 6-06-2025തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ പിണറായി ഗ്രാമപഞ്ചായത്തിന്റെ 31.03.2025 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

li) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

lii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പിണറായി ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
09.12.2025.

1–1–1 ഇൻകം ഓവർ എക്സ്പെന്റിച്ചർ –മിച്ചതുക കണക്കാക്കിയതിലെ അപാകം

ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുകയായ ₹14521394യഥാർത്ഥ മിച്ചതുകയായ ₹14478338 യുമായി പൊരുത്തപ്പെടുന്നില്ല. Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		195438685
ആകെ ചെലവ് (B)		179715121
മിച്ചം തുക C= A-B		15723564
Prior Period Income -I-19	-21528	
Prior Period Expenditure I-18	1223698	

Net Difference Between Prior Period Income And Expenses I-19-I-18 (D)		-1245226
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനുശേഷമുള്ള മിച്ച തുക (E) =C+D		14478338

യഥാർത്ഥ മിച്ച തുകയായ ₹14478338 യാണ് ബാലൻസ് ഷീറ്റിലേക്ക് ക്യാരിഓവർ ചെയ്തിട്ടുള്ളത്.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹10242093 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹14911359 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

1-1-3 തിരിച്ചു നൽകാൻ ബാക്കിയുള്ള ഡെപ്പോസിറ്റ് തുക - ശരിയായ തുകയല്ല വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളത്.

അക്കൗണ്ടിൽ 2023-24 വർഷം ബി7 ഷെഡ്യൂളിൽ തിരിച്ച് നൽകാനുള്ള ഡെപ്പോസിറ്റ് തുക 1188137 രൂപയാണ്. 2024-25 വർഷം വരവ് വന്ന ഡെപ്പോസിറ്റ് തുക 827748-യും (RP-33 R),തിരിച്ച് നൽകിയ ഡെപ്പോസിറ്റ് തുക 927165-യും (RP -33 P) ആണ്.ഇപ്രകാരം തിരിച്ച് നൽകാൻ ബാക്കിയായ ഡെപ്പോസിറ്റ് തുക 1088720-ആണ് വേണ്ടത്.എന്നാൽ അക്കൗണ്ടിൽ തിരിച്ച് നൽകാൻ ബാക്കിയായ ഡെപ്പോസിറ്റ് തുകയായി ചേർത്തത് (ബി7 ഷെഡ്യൂൾ) 1239790 രൂപയാണ്.

1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല .

A) തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

B) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62 F പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

C) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

D) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-5 ബി-4, ബി-17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല.

താഴെ പറയുന്ന വിവിധ അക്കൗണ്ടുകളുടെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക പ്രസ്തുത അക്കൗണ്ടിന്റെ ബി-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

അക്കൗണ്ട്	ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ്	ബി-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പ്
ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	10264840	10345559
TSC	412668	982128

1-1-6 എല്ലാ അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

താഴെ പറയുന്ന അക്കൗണ്ടുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

I. കേരള ഗ്രാമീണബാങ്ക് അക്കൗണ്ട് (40439101051913- ഹെൽത്ത് ഗ്രാന്റ്)

Ii. കേരള ഗ്രാമീണബാങ്ക് അക്കൗണ്ട് (40439101044597- സ്വച്ച് ഭാരത് അഭിയാൻ

1-1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി-തൊഴിലാളികളുടെ വേതനമിനത്തിലെ ചെലവ് AFS-ൽ കാണിച്ചിട്ടില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികൾക്ക് നൽകുന്ന വേതനം ഉൾപ്പെടുന്ന തുക Total Poverty Alleviation എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി I-14(C) യിൽ കാണിച്ചിട്ടില്ല.

1-2 ബജറ്റ്

പിണറായി ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 7-02-2024 തീയതിയിലെ 30/2024 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 11-02-2025 ലെ 35/2025 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

	ബജറ്റ് പ്രകാരം (₹)	പുതുക്കിയ ബജറ്റ് പ്രകാരം (₹)
മുന്നിരിപ്പ്	9854986	4,21,90,132
വരവ്	306067697	38,39,76637
ആകെ	315922683	42,61,66,769
ചെലവ്	308089785	40,76,62,734
നീക്കിയിരിപ്പ്	7832898	1,85,04,035

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് (₹)	54619668
വരവ് (₹)	79571636
ആകെ (₹)	134191304
ചെലവ് (₹)	69329543
നീക്കിയിരിപ്പ് (₹)	64861761
വരവിനങ്ങളിലെ നഷ്ടം (₹)	0
ചെലവിനങ്ങളിലെ നഷ്ടം (₹)	60,900
തടസ്സപ്പെടുത്തിയ തുക (₹)	11,61,004

1-4 ഫണ്ട് വിനിയോഗം

ഫണ്ട് ഇനം		മുന്നിരിപ്പ്	അലോട്ട്മെന്റ് ലഭിച്ചത്	ആകെ	ചെലവ്	ലാപ്സായ തുക/ നീക്കിയിരിപ്പ്
വികസന ഫണ്ട് ജനറൽ		0	27407000	27407000	27405268	1732
വികസന ഫണ്ട് എസ്.സി.പി		0	1276000	1276000	1276000	0
മെയിന്റനൻസ് ഫണ്ട് റോഡ്		0	29896000	29896000	13233695	16662305
മെയിന്റനൻസ് ഫണ്ട് നോൺ റോഡ്		0	5432000	5432000	4391444	1040556
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)	ബാങ്ക്	1144916	10217500	11362416	2406472	8955944
സെൻട്രൽ	ട്രഷറി	0	1212986	1212986	1212986	0

ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)						
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Untied	ബാങ്ക്	1009150	4845990	5855140	4546244	1308896
അംഗൻവാടി പോഷകാഹാരം ICDS		2079723	2634458	4714181	1523725	3190456
TSC Fund		379175	33493	412668	0	412668
സാക്ഷരത		13354	471	13825	0	13825
ശുചിത്വ മിഷൻ ഫണ്ട്		267796	364487	632283	364487	267796
പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ-മറ്റ് സർക്കാർ ഏജൻസീസ്		548769	2510222	3058991	2808182	250809
വിമുക്തി		12725	0	12725	0	12725
ഹെൽത്ത് ഗ്രാന്റ്(ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു പി എച് സി		1103059	477598	1580657	545671	1034986
ഹെൽത്ത് ഗ്രാന്റ്(കൺവേർഷൻ ഓഫ് പി എച് സി & സബ്സെന്റേർസ്)		455075	714803	1169878	156227	1013651
ദുരിതാശ്വാസം		10237	1664	11901	0	11901
ലൈഫ് സ്റ്റേറ്റ് വിഹിതം		680000	400000	1080000	500000	580000
ബ്ലോക്ക് വിഹിതം(capital Expenditure)		884373	0	884373	755829	128544
ബ്ലോക്ക് വിഹിതം (Revenue Expenditure)		271350	0	271350	0	271350
ജില്ലാ പഞ്ചായത്ത് വിഹിതം(capital Expenditure)		215850	0	215850	0	215850
ജില്ലാ പഞ്ചായത്ത് വിഹിതം(Revenue Expenditure)		20000	0	20000	0	20000

* ജി.ഒ.പ്രൊജക്ടുകളുടെ (ലൈഫ് വാസ്സാതിരിച്ചടവ്, അംഗൻവാടി പോഷകാഹാരം) ചെലവ് വിവരങ്ങൾ എ.സി.ആർ കണക്കിൽ വരാത്തത് കാരണം ജനറൽ വിഭാഗത്തിൽ എ.സി.ആർ പ്രകാരമുള്ള ചെലവും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസം വന്നിട്ടുണ്ട്. യഥാക്രമം ₹424930, ₹1576800 ജി.ഒ.പ്രൊജക്ടുകളുടെ ചെലവ് തുകകളാണ്. ഈ ചെലവുകളും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ വികസനഫണ്ട് ജനറൽ, മെയിന്റനൻസ് ഫണ്ട് റോഡ്, മെയിന്റനൻസ് ഫണ്ട് നോൺ റോഡ് വിഭാഗങ്ങളിൽ യഥാക്രമം ₹660000, ₹5943386, ₹600000 യുടെ ചെലവുകൾ കൃബില്ലിൽപ്പെട്ട തുകകളായതിനാൽ സുലേഖ ചെലവ് പത്രികയിൽ ചെലവ് വരാതിരിക്കുകയും ACR ൽ ചെലവ് വരികയും ചെയ്തിട്ടുണ്ട്. ഇക്കാരണങ്ങളാൽ സുലേഖ ചെലവ് പത്രികയിലെ ചെലവ് തുകയും ACR ലെ ചെലവ് തുകയും തമ്മിൽ പൊരുത്തക്കേട് ഉണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം	പദ്ധതി	നടപ്പാ	പദ്ധതി	ഭാഗിക	നടപ്പാ	പൂർത്തീ	പൂർത്തീ

ലഭിച്ചത് (എണ്ണം)	അടങ്കൽ	ക്കിയത് (എണ്ണം)	ചെലവ്	മായി നടപ്പാ ക്കിയത് (എണ്ണം)	ക്കാത്തവ (എണ്ണം)	കരിച്ച പ്രോജക്ട കളുടെ എണ്ണം	കരിച്ച പ്രോജക്ട കളുടെ ശതമാനം
302	204650967	212	87406877	25	90	187	61.92

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാ ക്കിയ പദ്ധതി കളുടെ എണ്ണം	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	16	13	6487073	5868448	90.46
വെറ്റിനറി സർജ്ജൻ	6	6	612700	563689	92
മെഡിക്കൽ ഓഫീസർ, പി.എച്ച്. സി	14	10	4954299	2242591	45.26
മെഡിക്കൽ ഓഫീസർ, ആയുർവേദം	6	5	1598054	1257380	78.68
അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ	3	2	240000	140000	58.33
വി.ഇ.ഒ.	30	24	35102875	16448056	46.86
ഐ.സി.ഡി.എസ് സൂപ്പർവൈസർ	20	20	9153176	7757749	84.75
സെക്രട്ടറി	61	31	57386566	9950502	17.33
അസിസ്റ്റന്റ് എഞ്ചിനീയർ	118	77	81029999	37116447	45.8
ഡയറി ഫാം ഇൻസ്ട്രക്ടർ	7	6	2720279	2039547	74.97
ഹെഡ് മാസ്റ്റർ	6	4	1553300	1107165	71.28
അസിസ്റ്റന്റ് സെക്രട്ടറി	15	14	3812646	2915303	76.46
ആകെ	302	212	204650967	87406877	42.71

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	1485	999883	1001368	1001294*	74
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	25947362	25947362	25947362**	0
ആകെ	1485	26947245	26948730	26948656	74

* 84 ശ്രുപ ബാങ്ക് ചാർജ്ജ് ഇനത്തിൽ ചെലവിൽ വന്നിട്ടുണ്ട്.

**ഗുണഭോക്താക്കളുടെ വേതനം വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

1–7 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക (₹)
കർഷക തൊഴിലാളി പെൻഷൻ	345	5810600
വിധവാ പെൻഷൻ	1259	18886800
വാർദ്ധക്യകാല പെൻഷൻ	3541	46734500
ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ	364	5788900
50 വയസിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ	381	5712200
വിവാഹ ധനസഹായം	6	180000

1–8 കേഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-11-2025 തീയതിയിൽ 3.40 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50,802 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1–9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ട് ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. എല്ലാ മാസവും സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ തീർപ്പാക്കാനവശേഷിക്കുന്ന ഫയലുകൾ അടിയന്തിരമായി തീർപ്പാക്കൽ, ഫ്രണ്ട് ഓഫീസ്, ബാക്ക് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കൽ, നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ്യുന്നതിലെ പുരോഗതി, എന്നീ വിഷയങ്ങൾ വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

1–10 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ (2024-25 വർഷം) ആകെയുള്ള 19 വാർഡുകളിലും ജൂലൈ, ജനുവരി മാസങ്ങളിലായി രണ്ട് തവണ മാത്രമേ ഗ്രാമസഭകൾ ചേർന്നിട്ടുള്ളൂ. ഗ്രാമ സഭകളിൽ 2024-25 വർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, മാലിന്യ മുക്തം നവകേരളം, 2025-26 വാർഷിക പദ്ധതി രൂപീകരണം, സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിച്ച് സാധൂകരണം നൽകൽ, 2023-24 വാർഷിക പദ്ധതി അവലോകനം, വരവ് - ചെലവ് കണക്ക് അംഗീകരിക്കൽ, 2025-26 വർഷ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ, ലേബർബജറ്റ് അംഗീകരിക്കൽ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2023-24 വർഷ ഓഡിറ്റ് റിപ്പോർട്ട് അവതരണം തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും ചർച്ച ചെയ്ത് തീരുമാനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1–11 വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല

22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതി ദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിന് മുമ്പ് നികുതി നിർണയിച്ച കെട്ടിടത്തിന് കൂട്ടിചേർക്കൽ നടത്തൽ, പുതുക്കി പണിയുകയോ മാറ്റം വരുത്തുകയോ ചെയ്തതിന്റെ വിവരങ്ങൾ കെട്ടിട ഉടമസ്ഥർ 9 ബി ഫാറത്തിൽ ലഭ്യമാക്കേണ്ടതാണെന്നും കെട്ടിട ഉടമ വിവരങ്ങൾ അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ

ജി.ഐ.എസ് മാപ്പിംഗ് സംവിധാനം മുഖേനയോ ഫീൽഡ് പരിശോധന നടത്തിയോ സഞ്ചയ സോഫ്റ്റ്വെയറിൽ ചേർക്കേണ്ടതുണ്ടെന്നും ഈ വിവരങ്ങളുടെയും 9 ബി ഫോറം ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. പിണറായി ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ 5/05-11-2025 നമ്പർ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് ഫീൽഡ് പരിശോധന പൂർത്തിയായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 9 ബി ഫോറം വഴി വസ്തു നികുതി പുനർ നിർണ്ണയത്തിനായി 710 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ 50 കെട്ടിടങ്ങളുടെ നികുതി പുനർനിർണയം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളുവെന്നും ജി ഐ എസ് മാപ്പിംഗ് പൂർത്തീകരിച്ചിട്ടുണ്ടെന്നും അത് വഴി അസ്സെസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ചില കെട്ടിടങ്ങളുടെ വിസ്തീർണത്തിൽ വ്യത്യാസമുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്നും അപ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണയം നടന്നു വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട് ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ടെന്നും അത് വഴി നികുതി വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മാറ്റം വന്ന മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനർനിർണയം നടത്താനുള്ള നടപടി ഊർജിതമാക്കേണ്ടതാണ്

1-12 കാരണം രേഖപ്പെടുത്താതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയസോഫ്റ്റ് വെയർ ആപ്ലിക്കേഷനിൽ നിന്നുള്ള വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ പാർപ്പിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ തറവിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ക്രമ നം.	കെട്ടിട നമ്പർ	സ്ഥാപനത്തിന്റെ/ ഉടമയുടെ പേര്	തറ വിസ്തീർണം (ചതുരശ്ര മീറ്ററിൽ)	രേഖപ്പെടുത്തിയ ഗണം	നികുതി ഒഴിവാക്കാനുള്ള കാരണം
1	3/49	ആലക്കാടൻ പ്രകാശൻ	76 (താഴത്തെ നില)	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	രേഖപ്പെടുത്തിയിട്ടില്ല
2	6/34 A	കേളോത്ത് നക്കാവിൽ കുങ്കിച്ചി	100.42 (താഴത്തെ നില)	പാർപ്പിടാവശ്യം	രേഖപ്പെടുത്തിയിട്ടില്ല
3	6/98	നന്ദ്യത്ത് നാണു	91 (താഴത്തെ നില)	പാർപ്പിടാവശ്യം	രേഖപ്പെടുത്തിയിട്ടില്ല
4	6/210	പുതിയവീട്ടിൽ ശങ്കരൻ ആചാരി	70(താഴത്തെ നില)	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	രേഖപ്പെടുത്തിയിട്ടില്ല
5	6/237	വേങ്ങ രമ	77.4 (താഴത്തെ നില)	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	രേഖപ്പെടുത്തിയിട്ടില്ല
6	6/363	ആലക്കാടൻ ഓമന	63 (താഴത്തെ നില)	നികുതി, ഉപനികുതി എന്നിവ	രേഖപ്പെടുത്തിയിട്ടില്ല

				ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ	

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്/ഇളവ് നൽകിയതിന്റെ കാരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.36/14.11.25) മറുപടിയായി ഫീൽഡ് പരിശോധന നടത്തി നികുതി പുനർ നിർണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണയിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1–13 പുതുക്കിയ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16,17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ് സ.ഉ.(സാധാ)നം.1149/2024/ത.സ്വ.ഭവ. തീയതി 27.06.2024 പ്രകാരം 01.10.2024 പ്രാബല്യത്തിൽ തൊഴിൽ നികുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട് എന്നാൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പുതുക്കിയ നിരക്കിൽ ഈടാക്കിയിട്ടില്ല.

സ്ഥാപനം	ജീവനക്കാരന്റെ പേര്	അർദ്ധ വർഷം	ആകെ അർദ്ധ വാർഷിക വരുമാനം(₹)	ഈടാക്കേണ്ട തൊഴിൽ നികുതി (₹)	ഈടാക്കിയ തൊഴിൽ നികുതി(₹)	കുറവ് വന്ന തുക
മെഡിക്കൽ ഓഫിസർ സി എച്ച് സി പിണറായി	അനീഷ് കെ പി	II	₹61013	750	600	150
	ലിജ കെ	II	₹51250	750	450	300
	ദിവ്യ പി രാജ്	II	51250	750	450	300
പോസ്റ്റ് ഓഫീസ് പിണറായി	സിജിന എം	II	₹55050	750	450	300
സെക്രട്ടറി പിണറായി കളക്ടീവ് ഫാർമേഴ്സ് സൊസൈറ്റി	ബിനീഷ് എം	II	29000	180	450	270

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/12.11.2025) മറുപടിയായി ജീവനക്കാരെ നോട്ടീസ് മുഖാന്തിരം അറിയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1–14 ഡിമാൻഡ് ചെയ്ത മുഴുവൻ സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി (ട്രേഡേഴ്സ് ആൻഡ് എംപ്ലോയീസ്) രജിസ്റ്റർ പരിശോധിച്ചതിൽ താഴെ നൽകിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനം	അർദ്ധ വർഷം
T S No.23 കപ്പണക്കാട് കള്ള് ഷാപ്പ് (3 ജീവനക്കാർ)	I, II
T S No.28 കേളല്ലൂർ കള്ള് ഷാപ്പ് (2 ജീവനക്കാർ)	I, II
സെക്രട്ടറി ഫാർമേഴ്സ് വെൽഫേർ കോ ഓപ്പറേറ്റീവ് സൊസൈറ്റി 2 ജീവനക്കാർ	I, II
എം കെ ട്രേഡിങ്ങ് കമ്പനി പിണറായി	II

4 ജീവനക്കാർ	
വെൽ കെയർ മെഡിക്കൽ ലാബ് പിണറായി 2 ജീവനക്കാർ	I
പാറപ്രം വുഡ് ഇൻഡസ്ട്രീസ് 3 ജീവനക്കാർ	I, II
കാർ കെയർ ഓട്ടോമൊബൈൽ 5 ജീവനക്കാർ	I, II
രീഷ്മ വുഡ് വർക്സ് 6 ജീവനക്കാർ	I, II
എൽ ബി എസ് -കനക വല്ലി	II
കേരള മിനി സൂപ്പർ ബീഡി 5 ജീവനക്കാർ	II
ഷാസി ഡിസൈൻ 6 ജീവനക്കാർ	I
സാൾട് ആൻഡ് പേപ്പർ (2 ജീവനക്കാർ)	I

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/12.11.2025) മറുപടിയായി മുഴുവൻ സ്ഥാപനങ്ങളെയും നോട്ടീസ് മുഖാന്തിരം അറിയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പിഴ സഹിതം നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

1–15 സബ് സെന്ററുകളുടെ – ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ – വാങ്ങൽ നടപടികൾ സ്വീകരിച്ചില്ല – 120900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി, പിണറായി.
പ്രൊജക്ട് നമ്പർ, പേര്	303/25, സബ് സെന്ററുകളുടെ - ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ
അടങ്കൽ	₹4,40,000 (ഹെൽത്ത് ഗ്രാൻറ്)
ചെലവ്	₹1,55,610

2023-24 ൽ ലഭിച്ച ഹെൽത്ത് ഗ്രാൻഡ് ഉപയോഗിച്ചു പിണറായി ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രൊജക്ടാണിത്. രോഗ പരിശോധനയ്ക്ക് വേണ്ട റിയേജന്റ്, പരിശോധന കിറ്റ് മുതലായവ ഇതുവഴി വാങ്ങുന്നു. കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന സാധനങ്ങൾ അവിടെ നിന്ന് നേരിട്ട് വാങ്ങുകയും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GEM പോർട്ടൽ വഴി വാങ്ങാനുമാണ് ലക്ഷ്യം വയ്ക്കുന്നത്. പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ബിൽ നമ്പർ: 390, തീ:12.02.2025, തുക: ₹9000

ജൻ ഔഷധി ചാലക്കര, ന്യൂ മാഹിയിൽ നിന്നും 12000 ലാൻസെറ്റ് (ബ്ലഡ് ഷുഗർ നിർണയം) ഇൻവോയ്സ് നമ്പർ:J.O/24-25/668 തീ:19.12.2024 പ്രകാരം 9000 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ഹാജരാക്കിയ ഫയലിൽ GEM മുഖേന വാങ്ങിയതിന്റെ രേഖകളോ, ക്വോട്ടേഷൻ നടപടിക്രമങ്ങളുടെ രേഖകളോ ഹാജരാക്കിയിട്ടില്ല. സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ,08.11.2010 ഖണ്ഡിക 3.2 പ്രകാരം ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് മതിപ്പു വില 5000

രൂപ മുതൽ 25000 രൂപ വരെ വരുന്ന സാഹചര്യങ്ങളിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവിന് വിരുദ്ധമായി നേരിട്ട് വാങ്ങലുകൾ നടത്തിയതിൻറെ കാരണം വ്യക്തമാക്കിയിട്ടില്ല.

2) ബിൽ നമ്പർ: 545, തീ:19.03.2025, തുക: ₹111900
ജൻ ഔഷധി അഞ്ചരക്കണ്ടിയിൽ നിന്നും 15000 ഓൺ കാൾ പ്ലസ് ഹീമോഗ്ലോബിനോമീറ്റർ സ്ട്രിപ്പ്സ് (ഗ്ലൂക്കോമീറ്റർ സ്ട്രിപ്സ്), 15000 ഓൺ കാൾ പ്ലസ് ലാൻസെറ്റ് (ബ്ലഡ് ഷുഗർ നിർണയം) ഇൻവോയ്സ് നമ്പർ:13763 തീ:05.03.2025 പ്രകാരം 111900 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ഹാജരാക്കിയ ഫയലിൽ GEM മുഖേന വാങ്ങിയതിന്റെ രേഖകളോ, ടെൻഡർ നടപടിക്രമങ്ങളുടെ രേഖകളോ ഇല്ല. സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ,08.11.2010 ഖണ്ഡിക 3.2 പ്രകാരം ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് മതിപ്പു വില 100000 രൂപയിൽ അധികരിക്കുന്ന സാഹചര്യങ്ങളിൽ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവിന് വിരുദ്ധമായി നേരിട്ട് വാങ്ങലുകൾ നടത്തിയതിൻറെ കാരണം വ്യക്തമാക്കിയിട്ടില്ല.

ഒരു സാമ്പത്തിക വർഷം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണെന്ന് സർക്കാർ ഉത്തരവ് (സാധാ) 259/2010 തസ്വഭവ 08.11.2010 ഖണ്ഡിക 2.3 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരമല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങലുകൾ നടത്താൻ പാടുള്ളതല്ല. അപാകങ്ങൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.25/11.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാലും മറുപടിയുടെ അഭാവത്തിലും ചെലവ് തുക 120900 രൂപ തടസ്സപ്പെടുത്തുന്നു.

1–16 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നത് – മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല – 39378 രൂപ തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി, പിണറായി.
പ്രൊജക്ട് നമ്പർ, പേര്	45/25, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നത്
അടങ്കൽ	₹2,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)
ചെലവ്	₹2,00,000 513/15-03-2025

പിണറായി ഗ്രാമപഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനുള്ള പ്രോജക്ടിന്റെ ഭാഗമായി ₹2,00,000 പ്രഫോർമ ഇൻവോയ്സ് നമ്പർ LF-1477 തീയതി 15-07-2025 (ഓർഡർ നമ്പർ: Pina/1784 തീ:15.07.25) പ്രകാരം ഹോംകോ മാനേജിങ്ങ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് (SBI-34306403911) കൈമാറിയിട്ടുണ്ട്. പരിശോധനയ്ക്കായി സമർപ്പിച്ച രേഖകൾ പ്രകാരം ഇൻവോയ്സ് നമ്പർ LF-1477 തീയതി 18.09.2025-ന് 160622/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകളുടെ ഒറിജിനൽ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/11.11.2025) മറുപടി ലഭ്യമായിട്ടില്ല. ലഭിക്കുവാനുള്ള മരുന്നുകളുടെ വിലയായ 39,378 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–17 സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി – മുഴുവൻ മരുന്നും, ഉപകരണങ്ങളും ലഭ്യമായിട്ടില്ല – 1,94,197 രൂപ തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി, പിണറായി.

പ്രൊജക്ട് നമ്പർ, പേര്	41/25, സമഗ്ര പാലിയേറ്റീവ് പരിചരണ പദ്ധതി
അടങ്കൽ	₹12,00,000 (വികസനഫണ്ട് പൊതുവിഭാഗം –₹9,00,000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – ₹2,00,000, ജില്ലാ പഞ്ചായത്ത് വിഹിതം – ₹1,00,000)
ചെലവ്	₹10,37,462 (വികസനഫണ്ട് പൊതുവിഭാഗം –₹843265, ബ്ലോക്ക് പഞ്ചായത്ത് വിഹിതം – ₹194197) ₹194197 – 451/11.12.2024

പിണറായി ഗ്രാമപഞ്ചായത്ത് പരിധിയിൽ അധിവസിക്കുന്ന വൃദ്ധർ, ദീർഘകാല രോഗികൾ, കിടപ്പു രോഗികൾ, മാറാരോഗികൾ, പരിചരണം ആവശ്യമുള്ളവർ എന്നിവർക്ക് വീടുകളിൽ ചെന്ന് പരിചരണം ലഭ്യമാക്കുക, ഇതിന് ആവശ്യമായ മരുന്നും മറ്റ് ആവശ്യസാധനങ്ങളും ലഭ്യമാക്കുക എന്നതാണ് പ്രോജക്ട് കൊണ്ട് ലക്ഷ്യം വെക്കുന്നത്. ഇതിനായി പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകരുടെ സേവനം ലഭ്യമാക്കി രോഗിയുടെ അസുഖം, ചികിത്സ, തുടർപരിചരണം എന്നിവയുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുകയും വേണം. പ്രൊജക്ടിന്റെ ഭാഗമായി സാന്ത്വന പരിചരണത്തിന് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പ്രഫോർമ ഇൻവോയ്സ് നമ്പർ PRF-2112 തീയതി 20-11-2024 പ്രകാരം ₹1,94,197 മുൻകൂറായി (അക്കൗണ്ട് നമ്പർ: 3624005700000027) നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നും, ഉപകരണങ്ങളും ലഭ്യമായതിന്റെ രേഖകളും, മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/11.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭിക്കുവാനുള്ള മരുന്നുകളുടെ വിലയായ 1,94,197 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–18 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ – വാങ്ങൽ നടപടികൾ സ്വീകരിച്ചില്ല – 319611 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി, പിണറായി.
പ്രൊജക്ട് നമ്പർ, പേര്	302/25 (SO), ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ
അടങ്കൽ	₹10,73,000 (ഹെൽത്ത് ഗ്രാൻറ്)
ആകെ ചെലവ്	₹5,44,085

ഹെൽത്ത് ഗ്രാൻറ് ഫണ്ട് ഉപയോഗിച്ച് പിണറായി ഗ്രാമപഞ്ചായത്തിൽ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നതാണ് പ്രൊജക്ട് ലക്ഷ്യം വെക്കുന്നത്. ഇതിലേക്കായി ഉപകരണങ്ങളും സാമഗ്രികളും വാങ്ങിയത് സംബന്ധിച്ച അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ബിൽ നമ്പർ: 406, തീ:17.02.2025, തുക: ₹9912

M/S അഗാപ്പെ ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡുമായി KMSCL-ന റണ്ണിങ് കോൺട്രാക്ട് ഉള്ളതായി രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 9912 രൂപയുടെ ഉപകരണങ്ങൾ (Agappe Mispai2 HbA1c 2*155) വാങ്ങിയിട്ടുള്ളത് എ.ബി.സി ഡയഗ്നോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം (ഇൻവോയ്സ് നമ്പർ:B2C/05283/24-25, തീ:07.02.2025) എന്ന സ്ഥാപനത്തിൽ നിന്നുമാണ്. എ.ബി.സി ഡയഗ്നോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം എന്ന സ്ഥാപനം വാങ്ങൽ നടപടിക്രമങ്ങൾ കൂടാതെ നേരിട്ട് വാങ്ങാൻ സാധിക്കുന്ന സ്ഥാപനം ആണോ എന്ന് വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/10.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ,08.11.2010 ഖണ്ഡിക 3.2 പ്രകാരം ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് മതിപ്പു വില 5000 രൂപ മുതൽ 25000 രൂപ വരെ വരുന്ന സാഹചര്യങ്ങളിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവിന്

വിരുദ്ധമായി നേരിട്ട് വാങ്ങലുകൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2) ബിൽ നമ്പർ: 402, തീ:17.02.2025, തുക: ₹108099
ഒരു സാമ്പത്തിക വർഷം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണെന്ന് സർക്കാർ ഉത്തരവ് (സാധാ) 259/2010 തസ്വഭവ 08.11.2010 ഖണ്ഡിക 2.3 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരമല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങലുകൾ നടത്താൻ പാടുള്ളതല്ല. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും രോഗ നിർണ്ണയ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഹാജരാക്കിയ ഫയലിൽ GEM മുഖേന വാങ്ങിയതിന്റെ രേഖകളോ, ടെൻഡർ നടപടിക്രമങ്ങളുടെ രേഖകളോ കാണാൻ സാധിച്ചിട്ടില്ല. സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ,08.11.2010 ഖണ്ഡിക 3.2 പ്രകാരം ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് മതിപ്പു വില 100000 രൂപയിൽ അധികരിക്കുന്ന സാഹചര്യങ്ങളിൽ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവിന് വിരുദ്ധമായി നേരിട്ട് വാങ്ങലുകൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. വാങ്ങൽ നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

സ്ഥാപനം	ഇൻവോയ്സ് നംബർ	ഇൻവോയ്സ് ബിൽ തുക (₹)
കൃപ സർജിക്കൽസ് പയ്യന്നൂർ	25/25A 03/58 തീ:02.12.2024	22120
അമ്മ ഡയഗ്നോസ്റ്റിക്സ് തളാപ്പ്	2936, തീ:29.11.2024	2597
ഹ്യൂമാനിറ്റി ഹെൽത്ത് കെയർ	HHCV24/237 തീ:05.12.2024	3633
ഏഷ്യൻ ഡയഗ്നോസ്റ്റിക്സ് മേലെ ചൊവ്വ കണ്ണൂർ	AD-2244/24-25 തീ:23.12.2024	610
എ.ബി.സി ഡയഗ്നോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം	B2C/03993/24-25, തീ:03.12.2024	51669
ആകെ		80629

3) ബിൽ നമ്പർ: 158, തീ:19.09.2024, തുക: ₹201600
ജൻ ഔഷധി ചാലക്കര, ന്യൂ മാഹിയിൽ നിന്നും 12000 ഹീമോഗ്ലോബിനോമീറ്റർ സ്ട്രിപ്പ്സ് (ഗ്ലൂക്കോമീറ്റർ സ്ട്രിപ്സ്) ഇൻവോയ്സ് നമ്പർ:B/1643 തീ:06.09.2024 പ്രകാരം 201600 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ഹാജരാക്കിയ ഫയലിൽ GEM മുഖേന വാങ്ങിയതിന്റെ രേഖകളോ, ടെൻഡർ നടപടിക്രമങ്ങളുടെ രേഖകളോ കാണാൻ സാധിച്ചിട്ടില്ല. സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ,08.11.2010 ഖണ്ഡിക 3.2 പ്രകാരം ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് മതിപ്പു വില 100000 രൂപയിൽ അധികരിക്കുന്ന സാഹചര്യങ്ങളിൽ ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവിന് വിരുദ്ധമായി നേരിട്ട് വാങ്ങലുകൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

അപാകങ്ങൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/11.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാലും മറുപടിയുടെ അഭാവത്തിലും ചെലവ് തുക 319611 (₹9912+₹108099+₹201600) രൂപ തടസ്സപ്പെടുത്തുന്നു.

1–19 അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ – ചികിത്സ ലഭ്യമാക്കൽ അലോപ്പതി – രേഖകൾ ലഭ്യമാക്കിയില്ല – 24059 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി, പിണറായി.
പ്രൊജക്ട് നമ്പർ, പേര്	56/25, അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ - ചികിത്സ ലഭ്യമാക്കൽ അലോപ്പതി
അടങ്കൽ	₹50,000 (വികസനഫണ്ട് പൊതുവിഭാഗം) + ₹2,50,000 (തനത് ഫണ്ട്) ആകെ: ₹3,00,000
ചെലവ്	₹24,059 (തനത് ഫണ്ട്) ₹11147 – 184/22.10.2024 ₹12912 – 389/12.02.2025

പിണറായി ഗ്രാമപഞ്ചായത്തിലെ അതിദാരിദ്ര്യം അനുഭവിക്കുന്ന രോഗികൾക്ക് മരുന്ന് ലഭ്യമാക്കുക എന്നതാണ് പ്രൊജക്ട് ലക്ഷ്യം വെക്കുന്നത്. പദ്ധതി പ്രകാരം പതിനാലാം വാർഡിൽ താമസിക്കുന്ന സിദ്ധി സുനിൽ എന്ന കുട്ടിയുടെ ചികിത്സക്കായി മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ഗുണഭോക്താവിനെ അംഗീകരിച്ചതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/11.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 24,059 രൂപ തടസ്സപെടുത്തുന്നു.

1–20 ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ–രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹29900 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രോജക്ടിന്റെ പേര്&നം	143/25 ഹയർ സെക്കന്ററി തുല്യത പരീക്ഷ
അടങ്കൽ	83,300 , തനതുഫണ്ട്
ചെലവ്	₹29,900 ബിൽ നമ്പർ: 124/27-08-2024

പിണറായി ഗ്രാമപഞ്ചായത്തിലെ പ്ലസ് ടു പാസാകാത്തവർക്ക് തുല്യത പരീക്ഷയിലൂടെ പാസാകുന്നതിന് സാഹചര്യം ഒരുക്കുന്ന പദ്ധതിയാണിത്. ആയതുപ്രകാരം 13 പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ, പരീക്ഷാ ഫീ ഇനത്തിൽ പഠിതാവ് ഒന്നിന് 2300 രൂപ നിരക്കിൽ ആകെ 29,900 രൂപ കേരളസാക്ഷരതാമിഷൻ ഡയരക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ, ഫയൽ പരിശോധിച്ചതിൽ പഠിതാക്കളുടെ രജിസ്ട്രേഷൻ രേഖകൾ, പരീക്ഷയ്ക്ക് പങ്കെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (6/07.11.2025) നൽകിയെങ്കിലും മേൽക്കാണിച്ച പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകളല്ല സമർപ്പിച്ചത്. രേഖകളുടെ അഭാവത്തിൽ ₹29,900 ന്റെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1–21 ഇല വാഴ കൃഷി പ്രോത്സാഹനം–സ്റ്റോക്കിലെടുക്കാതെ വിതരണം നടത്തി

പ്രൊജക്ട് നമ്പർ	138/25, ഇല വാഴ കൃഷി പ്രോത്സാഹനം ഗ്രൂപ്പുകൾക്ക്
നിർവ്വഹണം	കൃഷി ഓഫീസർ
ആകെ അടങ്കൽ	₹ 1,00,000 (വികസനഫണ്ട്)
ആകെ ചെലവ്	₹ 1,00,000/-

ബിൽ നമ്പർ	450 06/3/25

പഞ്ചായത്തിൽ ഇല വാഴ കൃഷി വ്യാപനവും ഉത്പാദന വർധനവും കൈവരിക്കുക എന്ന ഉദ്ദേശ്യത്തോടെ വാഴ കന്നുകൾ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് 100% സബ്സിഡിയിൽ വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയത്.മേൽ ബില്ല് പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 6667 വാഴ കന്നുകൾ അഗ്രോ സർവീസ് സെന്റർ പിണറായി എന്ന സ്ഥാപനത്തിൽ നിന്നും 15 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട് എന്നാൽ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 5000 വാഴ കന്നുകൾ മാത്രമാണ് സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതായി രേഖപെടുത്തിയിട്ടുള്ളൂ. വ്യത്യാസത്തിന് കാരണം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് എൻകയറിക്ക് (33/13.11.2025) മറുപടിയായി വാഴ കന്നുകൾ രണ്ട് ഘട്ടമായാണ് വന്നതെന്നും രണ്ടാം ഘട്ടമായി വന്ന കന്നുകൾ സ്റ്റോക്കിൽ ചേർക്കാൻ വിട്ടുപോയതാണെന്നും അറിയിച്ച മറുപടിയോടൊപ്പം വിതരണ രേഖകളും ഹാജരാക്കിയിട്ടുണ്ട്.കേരള ഫിനാൻഷ്യൽ കോഡ് വാള്യം 1 ആർട്ടിക്കിൾ 149(1) പ്രകാരം സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തൽ നടത്തേണ്ടതും വിതരണത്തിന് മുമ്പ് സ്റ്റോക്കിലെടുക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1–22 കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസിന് വിഹിതം നൽകൽ വിനിയോഗവിവരം ലഭ്യമല്ല. ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
പ്രോജക്ട് നമ്പർ, പേര്	175/25 കോക്ലിയാർ ഇംപ്ലാന്റ് ചെയ്തവരുടെ ഉപകരണങ്ങളുടെ മെയിന്റനൻസിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറൽ
അടങ്കൽ	₹150,000 വികസന ഫണ്ട് പൊതുവിഭാഗം
ചെലവ് തുക/ ബിൽ നമ്പർ	₹50,000 36/16.05.24

ഗ്രാമപഞ്ചായത്തിലെ കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങളുടെ മെയിന്റനൻസിനായി തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നതിനുള്ളതാണ് പ്രോജക്ട് . പദ്ധതി പ്രകാരം മേൽ ബിൽ മുഖേന 50,000 രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് (A/C No. 3301005800000015) കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടിന്റെ ഭാഗമായി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയനായ മുഹമ്മദ് സിയാന്.വി.പി എന്ന കുട്ടിയുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ₹50000 മേൽ ബിൽ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് (A/C No.3301005800000015) ക്രഡിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 35/14.11.2025) മറുപടിയായി ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–23 ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ – ഒരേ വൗച്ചറുകൾക്ക് രണ്ട് തവണ നൽകിയ ₹60900 നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	വി. ഇ. ഒ., എരുവട്ടി
പ്രോജക്ട് നമ്പർ / പേര്	59/25, അജൈവ മാലിന്യം സംസ്കരണ സ്ഥലത്ത് കൊണ്ട് പോകൽ - ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ
അടങ്കൽ	4,00,000 (ധനകാര്യകമ്മീഷൻ അവാർഡ്) + ₹1,00,000 (തനത് ഫണ്ട്) ആകെ: ₹5,00,000
ചെലവ്	4,00,000 (ധനകാര്യകമ്മീഷൻ അവാർഡ്) + ₹92,100 (തനത് ഫണ്ട്) ആകെ: ₹4,92,100

ഗ്രാമപഞ്ചായത്ത് ശേഖരിച്ച അജൈവ മാലിന്യങ്ങൾ സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിന് ഒരു കിലോ ഗ്രാം

മാലിന്യത്തിന് 10 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് തുക നൽകുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ബിൽ നമ്പറുകൾ 129/30.08.2024 (₹60900) & 218/12.11.2024 (₹60900) എന്നിവയ്ക്ക് ഒരേ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ് ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറിയത്. വൗച്ചറുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

വൗച്ചറുകളിലെ തീയതി	മാലിന്യത്തിൻറെ തൂക്കം (കിലോഗ്രാം)	തുക (₹)
23.04.2024	2160	21600
27.04.2024	1450	14500
31.07.2024	2480	24800
ആകെ		60900

ഒരേ വൗച്ചറുകൾക്ക് രണ്ട് തവണ 60900 രൂപ വെച്ച് നൽകിയിട്ടുണ്ട്.

2) ബിൽ നമ്പർ 359/23.01.2025 (₹9000)-ന് അടിസ്ഥാനമായ വൗച്ചറുകൾ (ക്ലീൻ കേരള കമ്പനിയുടെ ഡിമാന്റ് നോട്ടീസ്, പാഴ് വസ്തുക്കളുടെ തൂക്കം രേഖപ്പെടുത്തുന്ന വെയിംഗ് ബ്രിഡ്ജ് രസീത്) ഫയലിൽ ലഭ്യമല്ല.

